Website:www.keralapsc.gov.in
e-mail:kpsc@keralapsc.gov.in

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

## പത്രക്കുറിപ്പ്

10-ാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസ യോഗ്യത അടിസ്ഥാന യോഗ്യതയായിട്ടുള്ള തസ്തികകളിലേക്കുള്ള തിരഞ്ഞെടുപ്പിനായി 2020 ഡിസംബർ മാസം നടത്തുവാൻ നിശ്ചയിച്ചിരുന്ന പൊതുപ്രാഥമിക പരീക്ഷ കോവിഡ് രോഗവ്യാപന പശ്ചാത്തലത്തിൽ തത്ക്കാലം മാറ്റിവച്ചിരിക്കുന്നു. ഈ പരീക്ഷയുടെ ഓരോഘട്ടത്തിലും ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾക്കാണ് പങ്കെടുക്കേണ്ടി വരുന്നത്. പൊതുഗതാഗത സംവിധാനങ്ങൾ പൂർവ്വസ്ഥിതിയിലെത്തുന്നതിന് കാലതാമസം നേരിടുന്നതിനാലും ഓരോഘട്ട പരീക്ഷയ്ക്കും ഏകദേശം 2000 പരീക്ഷാകേന്ദ്രങ്ങൾ കോവിഡ് സുരക്ഷാ മാനദണ്ഡപ്രകാരം സജ്ജീകരിക്കുന്നതിൽ പ്രയാസം നേരിടുന്നതിനാലുമാണ് ഈ പരീക്ഷ തത്ക്കാലം മാറ്റിവയ്ക്കുന്നത്. 2021 ഫെബ്രുവരിയിൽ മേൽപരീക്ഷ നടത്തുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.

കൺട്രോളർ ഓഫ് എക്സാമിനേഷൻസ്
കേരള പബ്ലിക് സർവീസ് കമ്മീഷൻ